# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 6550 — 12-07-2012-ൽ മറുപടിക്ക്

### ഊർജ്ജ സംരക്ഷണ ഫണ്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. മുരളീധരൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഊർജ്ജ സംരക്ഷണ ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾഎന്തെല്ലാം; വിശദാംശം നൽകുമോ; | (എ) കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയുടെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.<br>• ഊർജ്ജ സംരക്ഷണ പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായം<br>• ഊർജ്ജ കാര്യക്ഷമത പദ്ധതികൾക്കായുള്ള സാമ്പത്തിക സഹായം<br>• ഊർജ്ജ സംരക്ഷണ രംഗത്തുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്കായുള്ള ധനസഹായം<br>സ്റ്റേറ്റ് ഡെസിഗ്നേറ്റഡ് ഏജൻസി ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്കും പരിശീലനങ്ങൾക്കുമായി നടത്തുന്ന സാമ്പത്തിക സഹായം |
| (ബി) ആർക്കാണ് ഈ ഫണ്ടിന്റെ ചുമതല നൽകിയിരിക്കുന്നതെന്ന് വിശദമാക്കുമോ | (ബി) ഊർജ്ജ സംരക്ഷണ നിയമം കേരളത്തിൽ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഡെസിഗ്നേറ്റഡ് ഏജൻസി നാമനിർദ്ദേശം ചെയ്ത എനർജി മാനേജ്മെന്റ് സെന്ററാണ് , ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണ് ഫണ്ട് കൈകാര്യം ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.